# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>മോണോറെയിൽ പദ്ധതി</u>

7233 ശ്രീ. എളമരം കരീം
,, വി. ശിവൻകുട്ടി
,, ബി. സത്യൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോണോറെയിൽ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പദ്ധതിയുടെ കരാർ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരത്തും കോഴിക്കോട്ടുമായി സ്ഥാപിക്കുന്ന മോണോറെയിൽ പദ്ധതിക്ക് എന്ത് തുക ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പണം ഏതെല്ലാം സ്രോതസ്സുകളിലൂടെ കണ്ടെത്താമെന്നാണ് കരുതുന്നത്;

(ഡി) മോണോറെയിൽ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) സംസ്ഥാന ബജറ്റിൽ ഈ പദ്ധതികൾക്ക് എന്തു തുക വീതം വകയിരുത്തിയിട്ടുണ്ട്; ഇതിനകം ചെലവായ തുക എത്ര?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഇൻഡ്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി

7234 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിൽ സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യത്തിൽ ഐ. ആർ. സി. യുടെ നിബന്ധനകൾ പാലിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(സി) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം ഐ. ആർ. സി. യുടെ നിബന്ധനകൾ അനുസരിച്ചുള്ള റോഡ് നിർമ്മാണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി</u>

7235 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയുടെ മതിപ്പ് ചെലവ് എത്രയാണെന്ന് വിശദമാക്കുമോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നതെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി</u>

7236 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതിക്ക് (എസ്.ആർ.ഐ.പി) ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എസ്.ആർ.ഐ.പി.-ൽ ഏതെല്ലാം പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയതു പരിഹരിച്ച് പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

ആർ.ഐ.സി. കേരള ലിമിറ്റഡിന്റെ പ്രവർത്തനം

7237 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥ ഘടന വ്യക്തമാക്കുമോ ;

(സി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്</u>

7238 ശ്രീ. പാലോട് രവി
,, വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) റോഡിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രോജക്ടിന്റെ നടത്തിപ്പിന് ഏതുതരം പങ്കാളിത്തമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) ഏത് മാതൃകയിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കര്‍മ്മ പദ്ധതി</u>

7239 ശ്രീ. ആര്‍ സെല്‍വരാജ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ബെന്നി ബെഹനാന്‍
'' വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പരിഗണനയാണ് നല്‍കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക കര്‍മ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങളെന്തെല്ലാം;

(സി) എത്ര കിലോമീറ്റര്‍ റോഡാണ് ഈ ശൃംഖലയില്‍ ഉള്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കൽ

7240 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഇപ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>റോഡ് അറ്റകുറ്റപ്പണി</u>

7241 ശ്രീ. വി.പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി മറ്റു റോഡുകളുടെ കാര്യത്തിലും പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>റോഡുകളിലെ ഹംപുകളും കുഴികളും സൃഷ്ടിക്കുന്ന അപകടങ്ങൾ</u>

7242 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ വിവിധങ്ങളായ ഹംപുകൾ തിരിച്ചറിയാൻ സാധിക്കാത്തതിനാലുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഹംപുകൾ തിരിച്ചറിയുന്നതിന് ഹംപുകളുടെ മുകളിൽ വെള്ളനിറം പൂശുകയോ റിഫ്ളക്ടിംഗ് സ്റ്റിക്കറുകൾ പതിപ്പിക്കുകയോ ചെയ്യുക വഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഹൈവേകൾ ഉൾപ്പെടെയുള്ള റോഡുകളിൽ രൂപപ്പെടുന്ന വലിയ കുഴികൾ ധാരാളം അപകടങ്ങൾ വരുത്തിവയ്ക്കുന്നതിനാൽ ഇത്തരം കുഴികൾ യഥാസമയം നികത്തി അപകടങ്ങൾ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

നഗരങ്ങളിൽ ബഹുനില പാർക്കിംഗ് സംവിധാനം

7243 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സൈൻബോർഡുകളെ സംരക്ഷിക്കാൻ നടപടി</u>

7244 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈൻ ബോർഡിനെ മറച്ചും, ബോർഡിന്മേലും വിവിധ പരസ്യങ്ങൾ പതിക്കുന്നതിനാൽ സൈൻ ബോർഡുകൾ കാണാതെ വാഹന യാത്രക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആർക്കെങ്കിലും എതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം ബോർഡുകൾ യാത്രക്കാർ കാണുന്നവിധത്തിൽ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

7245 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതികളിലും കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ദേശീയ പാതയുടെ വികസനം</u>

T7246 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസന കാര്യത്തിൽ ദേശിയ പാത അവലോകന യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രതിനിധാനം ചെയ്ത് ഈ യോഗത്തിൽ പങ്കെടുത്തത് ആരാണെന്നും യോഗത്തിൽ സംസ്ഥാനം മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും വിശദമായി വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോമ്പിറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വസിഷൻ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;ഈ വ്യവസ്ഥകൾ സംസ്ഥാനത്തിന് അനുയോജ്യമാണോയെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ മുൻ നിർത്തി സർക്കാർ എടുത്തിട്ടുള്ള നിലപാടുകളും നടപടികളും വിശദമായി വ്യക്തമാക്കാമോ;

(ഡി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കോഴിക്കോട് -കണ്ണൂർ ദേശീയപാതയിൽ കൊയിലാണ്ടി- വടകര മണ്ഡലങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് തയ്യാറാക്കാൻ സർക്കാർ തലത്തിൽ മുഖ്യമന്ത്രിയും ബന്ധപ്പെട്ട കക്ഷികളുമായി നടന്ന ചർച്ചയിൽ തീരുമാനമുണ്ടായിരുന്നോ; വിശദമാക്കാമോ; പ്രസ്തുത തീരുമാനത്തിന്റെ മിനിട്ട്സിന്റെ പകർപ്പും പാക്കേജിന്റെ വിശദാംശവും വിശദമാക്കാമോ;

(എഫ്) ഈ വിഷയത്തിൽ ഏറ്റവും ഒടുവിലത്തെ സ്ഥിതിയും നടപടി പുരോഗതിയും വിശദമാക്കാമോ;

(ജി) കൊയിലാണ്ടി മണ്ഡലത്തിൽ സ്ഥലം നഷ്ടപ്പെടുന്ന എത്ര കുടുംബങ്ങളും എത്ര സ്ഥാപനങ്ങളുമുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇതിനു സർക്കാർ കണക്കാക്കുന്ന മൂല്യം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ബൈപാസ് റോഡുകളുടെ നിർമ്മാണം</u>

7247 ശ്രീ. എം. ഉമ്മർ
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത കടന്നുപോകുന്ന പട്ടണങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈവരിച്ച നേട്ടം വിശദമാക്കുമോ;

(ബി) എത്ര ബൈപാസ്സുകളുടെ പണികളാണ് ഇപ്പോൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ - പാലക്കാട് ഹൈവേ വികസനം</u>

7248 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പിന്റെയും, പൊതുമരാമത്ത് വകുപ്പിന്റെയും നേതൃത്വത്തിൽ സംയോജിത (കമ്പയിൻഡ്) ഓഫീസുകൾ തുറക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കേരളത്തിലെ ജനസാന്ദ്രതയും, സ്ഥലലഭ്യതയുടെ കുറവും പരിഗണിച്ച് ഐ.ആർ.സി. നോംസിൽ ഭൂഗർഭ പാതകളും, ഫ്ളൈഓവറുകളും നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) തൃശ്ശൂർ - പാലക്കാട് ഹൈവേ വികസനത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചോ; വിശദാംശം നൽകാമോ;

(ഡി) തൃശ്ശൂർ - പാലക്കാട് ഹൈവേ നിർമ്മാണ പ്രവൃത്തികളിലെ പുരോഗതി സംബന്ധിച്ച് അടിയന്തര അവലോകനത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ദേശീയപാത 47-ൽ ഇടപ്പള്ളി മുതൽ മണ്ണൂത്തിവരെയുള്ള നാലുവരിപ്പാത നിർമ്മാണം

7249 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47-ൽ ഇടപ്പള്ളി മുതൽ മണ്ണൂത്തിവരെയുള്ള നാലുവരിപ്പാത നിർമ്മാണത്തിന്റെ അനുബന്ധപ്രവർത്തനങ്ങൾ ഇനിയും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വീസ് റോഡുകൾ, സബ്ബ്വേകൾ, സിഗ്നൽ സിസ്റ്റം, സ്ട്രീറ്റ്ലൈറ്റുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടർ, ഡ്രൈയിനേജ് സംവിധാനങ്ങൾ എന്നിവ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പാലിയേക്കരയിലെ ടോൾ നിരക്ക് ഉയർത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ടോൾ നിരക്ക് വർദ്ധനവിനുള്ള നടപടികൾ ഒഴിവാക്കുന്നതിനും, മുഴുവൻ അനുബന്ധപ്രവൃത്തികളും പൂർത്തിയാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) പേരാമ്പ്രയിൽ സബ്ബ്വേയും, ചാലക്കുടി കോടതി ജംഗ്ഷനിൽ മേൽപ്പാലവും നിർമ്മിക്കുന്നതിനും, റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ സാഹചര്യത്തിൽ കൊരട്ടി ജംഗ്ഷനിലുണ്ടായിട്ടുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>അങ്കമാലി - ആലുവ ദേശീയപാത</u>

7250 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി - ആലുവ ദേശീയപാതയിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ദേശീയ പാതാ അധികൃതർ തുക അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) അങ്കമാലിയിലെ കരിയാട് വളവ് നികത്തുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) അങ്കമാലി ടൗണിലെ ടാറിംഗിലെ അപാകതകളും മോണിംഗ്സ്റ്റാർ, ടെൽക്ക് തുടങ്ങിയ സ്ഥലങ്ങളിലെ വെള്ളക്കെട്ടും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(എഫ്) കറുകുറ്റിയിൽ ദേശീയപാതയിലും റെയിൽവേ സ്റ്റേഷൻ പരിസരത്തും അനുഭവപ്പെടുന്ന രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(എച്ച്) കരയാംപറമ്പ് ജംഗ്ഷനിൽ വിപുലമായ രീതിയിൽ യു ടേൺ ട്രാഫിക് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഐ) സർവ്വീസ് റോഡുകളുടെ പണി പൂർത്തിയാക്കാത്തതിനാൽ ടോൾ പിരിക്കുന്നതിൽ നിന്നും അങ്കമാലി നിവാസികളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഹിൽ ഹൈവേ പ്രോജക്ട്</u>

7251 ശ്രീ. എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇത് സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തിരുവല്ല ബൈപാസിന്റെ നിർമ്മാണം</u>

7252 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ബൈപ്പാസിന്റെ ഡിസൈനും അലൈൻമെന്റും എന്നാണ് അന്തിമമാക്കിയത്;

(ബി) ആദ്യം രൂപപ്പെടുത്തിയ അലൈൻമെന്റിൽ മാറ്റം വരുത്തിയാണോ അന്തിമ അലൈൻമെന്റ് രൂപപ്പെടുത്തിയത്; എങ്കിൽ മാറ്റം വരുത്തുവാനുണ്ടായ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി കെ. എസ്. റ്റി.പി യുടെ ഭാഗമായി മാറിയത് എന്നാണ്;

(ഡി) അലൈൻമെന്റ് അന്തിമമാക്കിയതിന് ശേഷവും 2013 വരെ ടെണ്ടർ നടപടിയിലേക്ക് നീങ്ങാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്ക് ലോകബാങ്കിന്റെ സഹായം അഭ്യർത്ഥിച്ചത് എന്നാണ്; സഹായം ലഭിക്കുമെന്ന് ഉറപ്പായത് എന്നാണ്?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തലശ്ശേരി-മാഹി ബൈപ്പാസ് പ്രത്യേക പാക്കേജായി ഏറ്റെടുക്കണമെന്ന നിവേദനം</u>

7253 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ ഏറ്റെടുത്തതു പോലെ തലശ്ശേരി- മാഹിബൈപ്പാസ് പ്രത്യേക പാക്കേജായി ഏറ്റെടുക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ലാബ്</u>

7254 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ഗുണനിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവാരം ഉറപ്പാക്കാൻ വിവിധ തലങ്ങളിൽ പരിശോധന വേണമെന്ന നിബന്ധനകൾ ഉൾപ്പെടുത്തി മരാമത്ത് മാന്വൽ പ്രസിദ്ധീകരിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) മരാമത്ത് വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ ലാബുകൾ എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ആയതിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

7255 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തഴക്കര വഴുവാടി പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കുമോ; ഭരണാനുമതി ലഭ്യമാക്കുന്നതിൽ സാങ്കേതികമായുള്ള തടസ്സം വ്യക്തമാക്കുമോ; നിലവിലെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഭൂമി പൂർണ്ണമായി ഏറ്റെടുത്തിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മാവേലിക്കര കണ്ടിയൂർ ബൈപാസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ; നിലവിലെ ഇതിന്റെ സ്ഥിതി വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര ബുദ്ധ ജംഗ്ഷൻ-കല്ലുമല-കറ്റാനം റോഡ് ബി.എം.& ബി.സി. നിലവാരത്തിൽ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മാവേലിക്കര എരുമക്കുഴി-ഇടപ്പോൺ റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ

7256 ശ്രീ. കെ.എൻ.എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) റോഡുകൾ ടാറിംങ് ചെയ്യുമ്പോൾ നിശ്ചിത വീതിയിലുള്ള നടപ്പാത ഉണ്ടാകണമെന്ന ഉത്തരവുകൾ നിലവിലുണ്ടോ; ഇല്ലായെങ്കിൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നത് പരിഗണിയ്ക്കുമോ;

(സി) നടപ്പാതയില്ലാത്തതു കാരണം കാൽനടയാത്രക്കാർക്കുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റോഡുകൾ വീതി കൂട്ടി ടാറിംഗ് നടത്തുന്ന അവസരങ്ങളിൽ റോഡിന്റെ പരിധിക്കുള്ളിൽ വരുന്നതും അപകട കാരണമാകുന്നതുമായ ഇലക്ട്രിക് പോസ്റ്റുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിന് അവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) റോഡുകൾ കാൽനടയാത്രക്കാർക്കു കൂടിയാണെന്ന സന്ദേശം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

മഴക്കാലത്ത് റോഡുകളുടെ ടാറിംഗ്- റീ ടാറിംഗ്

7257 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് റോഡുകളുടെ ടാറിംഗ്, റീ-ടാറിംഗ് എന്നിവ നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മഴക്കാലത്ത് ടാറിംഗ്, റീ-ടാറിംഗ് നടക്കുന്ന റോഡുകൾ മറ്റു സീസണുകളിൽ ഇവ നടത്തുന്ന റോഡുകളേക്കാൾ പെട്ടെന്ന് തകരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മഴക്കാലത്ത് ടാറിംഗ്, റി-ടാറിംഗ് നടക്കുന്ന റോഡുകളുടെ ഗുണനിലവാരം വിലയിരുത്തുവാൻ ശ്രമിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം റോഡുപണികൾ മഴക്കാലത്തിനുമുമ്പോ പിമ്പോ ചെയ്യണമെന്ന രീതിയിൽ ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മഴക്കാലപൂർവ്വ ഓടശുചീകരണം</u>

7258 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തിനുമുൻപ് പൊതുമരാമത്ത് വകുപ്പ് വക ഓടകൾ വൃത്തിയാക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഓടകൾ വൃത്തിയാക്കുന്ന ജോലികൾ തടസ്സപ്പെട്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ചിറയിൻകീഴ് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ

7259 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ പൊതുമരാമത്തു വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കായംകുളം മണ്ഡലത്തിലെ വാർഷിക അറ്റകുറ്റ പണികളിലെ പ്രവൃത്തികൾ

7260 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വാർഷിക അറ്റകുറ്റ പണികളിൽ ഉൾപ്പെടുത്തി 2011-2012, 2012-2013, 2013-2014 സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും, ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മിഷൻ 676-ൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ</u>

7261 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പ് എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്നും അതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ കോട്ടയം ഡിവിഷന്റെ കീഴിലും, ഡിവിഷന്റെ കീഴിലെ ഓരോ സബ്ഡിവിഷനിലും നടപ്പാക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) മിഷൻ 676 പദ്ധതിയിൽ പുതിയ പദ്ധതികളാണോ നിലവിലെ പദ്ധതികളുടെ വിപുലീകരണമാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മിഷൻ 676-ൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ</u>

7262 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നിർവ്വഹിക്കാനുദ്ദേശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി നാട്ടിക നിയോജകമണ്ഡലത്തിന് ലഭിക്കുന്ന പുതിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പ്രവൃത്തികൾ നിശ്ചയിക്കുമ്പോൾ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തീരുമാനങ്ങൾ എടുക്കാൻ ശ്രദ്ധിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ വിവിധ റോഡുകളുടെ നിർമ്മാണം</u>

7263 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ആലംകോട് എച്ച്.എസ്.എസ് - ചപ്പാത്ത്മുക്ക് റോഡ്, കിളിമാനൂർ - തുണ്ടിൽ - ഞാവേലികോണം - തോപ്പിൽ - പോങ്ങനാട് റോഡ്, വട്ടക്കൈത - കാട്ടുചന്ത റോഡ് ഇവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നത് പ്രദേശവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ</u>

7264 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി മണ്ഡലത്തിൽ ഏതൊക്കെ നിർമ്മാണപ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; പ്രവൃത്തികളുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ നിർമ്മാണപ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; ഇനിയും ടെണ്ടർ ചെയ്യാനുള്ളപ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഏതൊക്കെയാണ് കരാറുകാർ ഏറ്റെടുത്തിട്ടുള്ളതെന്നും ഓരോ പ്രവൃത്തിയുടേയും നിർമ്മാണപുരോഗതിയും വിശദമാക്കാമോ;

(ഡി) ഏതൊക്കെ പ്രവൃത്തികളാണ് ഇനിയും ഏറ്റെടുക്കാനുള്ളതെന്നും; ഇവയുടെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ വിദ്യാലയങ്ങൾക്ക് അസംബ്ലി ഹാൾ നിർമ്മാണം</u>

7265 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങൾക്ക് അസംബ്ലിഹാൾ നിർമ്മിക്കുന്നതിന് ധനകാര്യ വകുപ്പ് മുഖേന പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തുപ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ പക്കൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 2013-14 വർഷ പദ്ധതിയിൽ നടപ്പിലാക്കേണ്ട ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എപ്പോൾ സർക്കാരിലേയ്ക്ക് അയയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന് കെട്ടിടം

7266 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന് കെട്ടിടം നിർമ്മിക്കുവാൻ ആരോഗ്യവകുപ്പിൽ നിന്നും പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർക്ക് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**ആയൂർ ജവഹർ എച്ച്.എസ്.എസ്.ന്റെയും അഞ്ചൽ ബി.എഡ് സെന്ററിന്റെയും കെട്ടിട നിർമ്മാണം**

7267 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2013-14 വർഷത്തിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ആയൂർ ജവഹർ എച്ച്.എസ്.എസ്.ന്റെയും അഞ്ചൽ ബി.എഡ് സെന്ററിന്റെയും കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

പാലക്കാട് - കുളപ്പുള്ളി റോഡിന്റെ നിർമ്മാണ
മെയിന്റനൻസ് പ്രവൃത്തികൾ

7268 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ മെയിന്റനൻസ് പ്രവൃത്തികൾ ആരെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത റോഡിനിരുവശവും നിർമ്മിച്ചിട്ടുള്ള അഴുക്കുചാലിന്റെ മെയിന്റനൻസ് നടത്താറുണ്ടോ;

(സി) പാലക്കാട് കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് സ്ഥാപിക്കും; അതിനായി എത്രതുകയാണ് വകയിരുത്തിയിരക്കുന്നത്;

(ഇ) തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ</u>

7269 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ അടങ്കൽതുക എത്രയാണ്;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു; മറ്റുള്ളവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

7270 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13, 2013-14 വർഷങ്ങളിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ് ; ഇവയിൽ ഏതെല്ലാമാണ് പൂർത്തീകരിച്ചത് ; പൂർത്തീകരിക്കാത്തവ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ വെള്ളം

7271 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ വെള്ളം കയറുന്ന പ്രദേശങ്ങളായ മനയ്ക്കൽചിറ, പൂവ്വം, മാമ്പുഴക്കരി, ഒന്നാംകര, തെക്കേക്കര ബ്ലോക്ക്, നെടുമുടി ഭാഗങ്ങളിലെ റോഡ് ഉയർത്തി നിർമ്മിക്കുന്നതിന് ഇതുവരെ കെ.എസ്.ടി.പി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ -വാരാമ്പറ്റ റോഡ് നിര്‍മ്മാണം</u>

7272 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ മണ്ഡലത്തിലെ കല്‍പ്പറ്റ-വാരാമ്പറ്റ റോഡ് ഏത് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കില്‍ ആയതിന്റെ പകര്‍പ്പുകള്‍ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ പണി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ബിഎം & ബിസി ചെയ്ത റോഡുകൾ</u>

7273 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ബിഎം & ബിസി ചെയ്ത പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മാങ്കാവ് കണ്ണിപറമ്പ റോഡിൽ കുടിവെള്ള പദ്ധതി പ്രവൃത്തി നടക്കുന്നതിനാൽ റോഡ് പ്രവൃത്തി മുടങ്ങിയിട്ടുണ്ടോ;

(സി) കൊടുവള്ളി-ആർ.ഇ.സി. റോഡിൽ ബിഎം & ബിസി ചെയ്യാൻ എത്ര ദൂരം ബാക്കിയുണ്ട്;

(ഡി) എങ്കിൽ ബാക്കി പ്രവൃത്തി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കുന്ദമംഗലം-കുറ്റിക്കാട്ടൂർ റോഡിൽ ബിഎം & ബിസി ചെയ്യാൻ ബാക്കിയുള്ള ഭാഗങ്ങളിലെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കായംകുളത്തെ ഹൈവെ പാലത്തിന്റെ ഭാഗത്ത് അടിപ്പാത</u>

7274 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളത്തെ ഹൈവേ പാലത്തിന്റെ ഭാഗത്ത് അടിപ്പാത നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണം സംബന്ധിച്ച് 2004 ൽ കായംകുളം നഗരസഭ കൗൺസിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അടിപ്പാത നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോലോത്തു ജെട്ടി റോഡു നിർമ്മാണം</u>

7275 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് (സി.ആർ.എഫ്) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച കോലോത്ത് ജെട്ടി - വേലാങ്കളം കടത്തു റോഡു നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മഴക്കാലത്ത് വെള്ളം കയറി ഗതാഗതം തടസ്സപ്പെടുന്ന പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>എലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ</u>

7276 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പേരുകൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റോഡുകളിൽ ഈ സർക്കാറിന്റെ കാലത്ത് അറ്റകുറ്റപ്പണികൾ നടത്തിയവയും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ബൈപ്പാസ് റോഡുകൾ</u>

7277 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി നൽകിയിട്ടും നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കാനോ ആരംഭിക്കാനോ കഴിയാത്ത ബൈപ്പാസ് റോഡുകൾ ഏതൊക്കെയെന്നും ഓരോന്നിനും എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് തടസ്സമായിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തിരുവല്ല ബൈപ്പാസ് നിർമ്മാണം</u>

7278 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ബൈപ്പാസ് നിർമ്മാണം തടഞ്ഞുകൊണ്ടുള്ള ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് എന്നാണ് ഉണ്ടായത്;

(ബി) കെ.എസ്.റ്റി.പി. കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തത് എന്നാണ്;

(സി) കൗണ്ടർ അഫിഡവിറ്റ് സമർപ്പിക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ;

(ഡി) കോടതി ഉത്തരവ് മാറ്റിക്കിട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കുടുവീട്ടിക്കടവ് പാലം</u>

7279 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒറ്റശേഖരമംഗലം, കാട്ടാക്കട, പൂവച്ചൽ എന്നീ മലയോര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്യാറിൽ കുടുവീട്ടിക്കടവ് എന്ന സ്ഥലത്ത് പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

പടന്ന - തോട്ടുകര പാലം

7280 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലം പണിയാൻ 4.60 കോടി രൂപ കഴിഞ്ഞ സർക്കാർ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടും നാളിതുവരെ പാലം നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണം</u>

7281 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സറണ്ടർ ചെയ്തു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും; പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ്, പുതിയ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് സർക്കാറിന് നൽകിയിട്ടിണ്ടോ; ഇല്ലെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച ഫയൽ പൊതുമരാമത്ത് വകുപ്പിന്റെ ഏത് ഓഫീസിലാണ് ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയ പാലം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അറപ്പുഴ പാലം നിർമ്മാണം</u>

7282 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര-കോഴിക്കോട് ബൈപ്പാസിലെ അറപ്പുഴ പാലം നിർമ്മാണം പൂർത്തീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ ടോൾ പിരിവ് എന്നാണ് ആരംഭിച്ചത്;

(സി) പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവായത്;

(ഡി) ടോൾ ഇനത്തിൽ കഴിഞ്ഞ മാർച്ച് 31 വരെ എത്ര രൂപയാണ് വരുമാനമായി ലഭിച്ചിട്ടുള്ളത്;

(ഇ) ടോൾ പിരിവിനായി അനുവദിച്ച അധിക കാലാവധി എത്രയാണ്;

(എഫ്) ടോൾ പിരിവ് എന്ന് നിർത്തൽ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മലയാറ്റൂർ - കോടനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

7283 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 13 കോടി രൂപ അനുവദിച്ച മലയാറ്റൂർ - കോടനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ പ്രവർത്തന കാലാവധി എത്ര തവണ നീട്ടി നൽകിയിട്ടുണ്ട്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>'അറപ്പുഴ പാല'ത്തിന്റെ ടോൾ പിരിവ്</u>

7284 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന 'അറപ്പുഴ പാല'ത്തിന്റെ ടോൾ പിരിവ് ഇനത്തിൽ ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ടോൾപിരിവ് എത്ര കാലം തുടരുമെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമുള്ള പണം ലഭിച്ച സാഹചര്യത്തിൽ ഇതിന്റെ ടോൾ പിരിവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>എളവൂർ പാലത്തിൽ ടോൾ</u>

7285 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എളവൂർ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തിയാകുന്നതോടെ എളവൂർ പാലത്തിൽ ടോൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ചീരക്കുഴി പാലത്തിൽ ടോൾ പിരിവ്</u>

7286 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചീരക്കുഴി പാലത്തിൽ ടോൾ പിരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പാലത്തിൽകൂടിയുള്ള വാഹനഗതാഗതത്തിന്റെ സെൻസസ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) സെൻസസ് റിപ്പോർട്ടിൽ ടോൾ പിരിക്കുന്നത് ലാഭമാണോ അതോ നഷ്ടമാണോയെന്ന് സ്പഷ്ടീകരിച്ചിട്ടുണ്ടോ ;

(ഇ) ലാഭകരമല്ലായെങ്കിൽ ടോൾ പിരിവ് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മേൽപ്പാലങ്ങൾ</u>

T7287

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്നും എത്രയെണ്ണത്തിന്റെ പണി പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) എത്ര റെയിൽവേ മേൽപ്പാലങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി മേൽപ്പാലങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പൈങ്കുളം മുള്ളൂർക്കര റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം</u>

7288 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പൈങ്കുളം മുള്ളൂർക്കര റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റെയിൽ ക്രോസ്സിങ്ങുകളിൽ ദീർഘനേരം വാഹനഗതാഗതം തടസ്സപ്പെടുന്നതുകാരണം രോഗികളുമായി പോകുന്ന ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ കുരുങ്ങിക്കിടക്കുന്നത് പരിഗണിച്ച് എത്രയുംവേഗം മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>കുറുപ്പന്തറ റെയിൽവേ മേൽപാലം നിർമ്മാണം</u>

7289 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറുവിലങ്ങാട്-കുറുപ്പന്തറ-കല്ലറ-വെച്ചൂർ റോഡ് റെയിൽവേ മേൽപ്പാലം നിർമ്മിക്കാനുള്ള നടപടികൾ പൊതുമരാമത്തുവകുപ്പ് ആരംഭിച്ചിട്ടുണ്ടോ;

(ബി) കുറുപ്പന്തറ റെയിൽവേ മേൽപ്പാലത്തിന് കേന്ദ്ര സർക്കാർ നൽകിയ അനുമതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കോട്ടയം-മൂവാറ്റുപുഴ എം.സി റോഡിനെയും എറണാകുളം-ആലപ്പുഴ-തിരുവനന്തപുരം ദേശീയപാതയെയും ബന്ധിപ്പിക്കുന്നതും ഗതാഗതത്തിരക്ക് ഏറിയതുമായ റൂട്ട് എന്ന പരിഗണനയിൽ കുറുപ്പന്തറ മേൽപ്പാലം പൊതുമരാമത്ത് വകുപ്പിന്റെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പാലം നിർമ്മാണത്തിന്റെ സർവ്വേ ഏത് ഏജൻസിയെയാണ് എൽപ്പിച്ചിട്ടുള്ളത്; ഇതിന്റെ ഡി.പി.ആർ എന്നത്തേയ്ക്ക് തയ്യാറാകും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പട്ടയത്തിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി</u>

7290 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ ഏറവ് വില്ലേജിൽ സർവ്വേ നമ്പർ 405/284-ൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പുറമ്പോക്കിൽ 45 വർഷമായി താമസിക്കുന്ന 4 കുടുംബങ്ങൾക്ക് ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള പൊതുമരാമത്ത് വകുപ്പിന്റെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള എം.എൽ.എ.യുടെ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) സമീപവാസികളായ മറ്റ് കുടുംബങ്ങൾക്ക് പട്ടയം നൽകിയ മാതൃകയിൽ പ്രസ്തുത കുടുംബങ്ങൾക്കും അടിയന്തരമായി പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പിന് എൻ.ഒ.സി. നൽകുവാൻ നിർദ്ദേശം നൽകുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>റെസ്റ്റ് ഹൗസുകൾ പുതുക്കി പണിയുന്നതിനായുള്ള പദ്ധതി</u>

7291 ശ്രീ. കെ. മുരളീധരൻ
,, വി.ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റസ്റ്റ് ഹൗസുകൾ പുതുക്കി പണിയുന്നതിനായുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഇതിനുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് സൗകര്യങ്ങൾ</u>

7292 ശ്രീ. വർക്കല കഹാർ
'' അൻവർ സാദത്ത്
'' വി. പി. സജീന്ദ്രൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) സന്ദർശകർ ഉൾപ്പെടെ അംഗവൈകല്യമുള്ളവർക്ക് സർക്കാർ കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

നന്തൻകോട് നളന്ദ ഗവ. വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വാർഡനെ നിയമിക്കാൻ നടപടി

7293 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധാരാളം സ്ത്രീകളും കുട്ടികളും താമസിക്കുന്ന പി.ഡബ്ല്യൂ.ഡിയുടെ കീഴിലുള്ള നന്തൻകോട് നളന്ദ ഗവ. വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വാർഡൻ ഇല്ലാത്തത്മൂലം സുരക്ഷാപ്രശ്നമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹോസ്റ്റലിൽ 'ഗസ്റ്റ്' എന്ന പേരിൽ പുറത്തുനിന്നുള്ളവർ ആഴ്ചകളോളവും, മാസങ്ങളോളവും താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പെൻഷൻ പറ്റിയവർ ഒഴിയാത്തതിനാലും, ഒരാൾ ഒന്നിൽകൂടുതൽ മുറികൾ കൈവശം വെയ്ക്കുന്നതിനാലും മറ്റ് ജില്ലകളിൽ ജോലിചെയ്യുന്നവർ താമസിക്കുന്നതിനാലും അർഹരായ ജീവനക്കാർക്ക് പ്രവേശനം കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>നന്ദാവനം ഒബ്സർവേറ്ററി കോമ്പൗണ്ട് ക്വാർട്ടേഴ്സിൽ അറ്റകുറ്റപ്പണികൾ</u>

7294

ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നന്ദാവനം ഒബ്സർവേറ്ററി കോമ്പൗണ്ട് ക്വാർട്ടേഴ്സിൽ അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തിക വർഷം എത്ര ലക്ഷം രൂപയാണ് അനുവദിച്ചത്;

(ബി) അനുവദിച്ച തുക ഉപയോഗിച്ച് എന്തെല്ലാം അറ്റകുറ്റപ്പണികളാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(സി) ഏതെല്ലാം ടൈപ്പ് ക്വാർട്ടേഴ്സുകളാണ് ഇവിടെ നിലവിലുള്ളത്;

(ഡി) പ്രസ്തുത കെട്ടിടങ്ങളുടെ പുറകുവശത്ത് ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുണ്ടോ;

(ഇ) ചില ക്വാർട്ടേഴ്സുകളിൽ ഷെഡ്ഡ് നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സി-ടൈപ്പ് ക്വാർട്ടേഴ്സിൽ ഓടുകളും സീലിങ്ങും ഇളക്കി പണിയാൻ അനുവദിച്ച തുക വഴിമാറ്റി ചെലവാക്കിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ജി) സി-ടൈപ്പിൽ അറ്റകുറ്റപ്പണികൾ, ഡ്രെയിനേജ് സംവിധാനം, ഓടിന്റെ ചോർച്ച തടയൽ, ഷെഡ്ഡ് നിർമ്മാണം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിന് കെട്ടിട നിർമ്മാണം

7295 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും 44 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

തൃക്കരിപ്പൂര്‍ ഗവ: പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റല്‍ & സ്റ്റാഫ് ക്വാര്‍ട്ടേഴ്സ് നിര്‍മ്മാണം

7296 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൃക്കരിപ്പൂര്‍ ഗവണ്‍മെന്റ് പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റല്‍ & സ്റ്റാഫ് ക്വാര്‍ട്ടേഴ്സ് നിര്‍മ്മാണം പുന:രാരംഭിക്കുന്നതിന് റിവൈസ്ഡ് എ.എസ് നല്‍കാന്‍ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പണി ആദ്യം ചെയ്ത കരാറുകാരനെ റിസ്ക് & കോസ്റ്റില്‍ ടെര്‍മിനേറ്റ് ചെയ്യാന്‍ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ചീഫ് എഞ്ചിനീയര്‍മാരുടെ മീറ്റിംഗില്‍ പുതുക്കിയ എസ്റ്റിമേറ്റില്‍ പണി ചെയ്യാന്‍ തയ്യാറായ കരാറുകാരനെതിരെ നടപടി സ്വീകരിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

പാളയം രക്തസാക്ഷിമണ്ഡപം സർക്കാരിതര
പരിപാടികൾക്കായി ഉപയോഗിക്കുന്നതിലെ നിബന്ധനകൾ

7297 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ 2013 ജൂലായ് 1 മുതൽ നടത്തിവന്ന അനിശ്ചിത കാല ധർണ അവസാനിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം ധർണ്ണയ്ക്കുവേണ്ടി ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് സർക്കാരിതര പരിപാടികൾ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; വാടക യഥാസമയം ഒടുക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) വാടക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) രക്തസാക്ഷി മണ്ഡപത്തിന്റെ പരിസരപ്രദേശങ്ങൾ ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾ അനധികൃതമായി ഉപയോഗിച്ചാൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; ഇക്കാര്യത്തിൽ അത്തരം നടപടികൾ എടുക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂലൈ 02.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.